(ബി) ഓരോ ഇനത്തിലുമുള്ള കുടിശ്ശിക തുക ഇനം തിരിച്ച് താഴെ വിവരിക്കുന്നു:

വിൽപ്പന നികുതി	-	2503.61	കോടി രൂപ
കാർഷികാദായ നികുതി	-	64.75	കോടി രൂപ

മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള കുടിശ്ശികയുടെ കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

പിരിഞ്ഞുകിട്ടാനുള്ള നികുതി വരുമാനം

41 [324] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നടപ്പു സാമ്പത്തിക വർഷം എത്ര തുക വില്പന നികുതി, എക്സൈസ് നികുതി, കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ പിരിക്കാൻ തീരുമാനിച്ചിരുന്നു; എത്ര തുക ഓരോ ഇനത്തിലും പിരിഞ്ഞു കിട്ടിയിട്ടുണ്ട്; പിരിഞ്ഞു കിട്ടാനുണ്ട്; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഓരോ വിഭാഗം നികുതികളിൽ കുടിശ്ശിക അടയ്ക്കാനുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവർ ആരെല്ലാം ഒരു ലക്ഷത്തിൽ കൂടുതൽ തുക അടയ്ക്കാനുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഈ വിഭാഗങ്ങളിൽപ്പെട്ടവർ നികുതി അടയ്ക്കുവാനായി ആർക്കെല്ലാം സർക്കാർ സ്റ്റേ നൽകിയിട്ടുണ്ട്; ആർക്കെല്ലാം ഗഡുക്കളായി അടയ്ക്കാൻ അനുമതി നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ വിഭാഗത്തിൽപ്പെട്ടവരിൽ ആർക്കെല്ലാം നികുതി തുക കുറവ് ചെയ്ത് നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്ത് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴികളിൽ നിന്നും എത്ര തുക നികുതിയിനത്തിൽ പിരിഞ്ഞു കിട്ടിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തെ നികുതി വെട്ടിപ്പ് തടയുവാനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ജി) നികുതി വെട്ടിപ്പ് തടയുവാനായി അതിർത്തി പ്രദേശങ്ങളിൽ പുതിയ ചെക്ക് പോസ്റ്റുകൾ തുടങ്ങുന്നതുൾപ്പെടെ എന്ത് നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-10-2003 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ എ. ജി. ക്രോഡീകരിച്ചിട്ടുള്ളു. ടി കണക്കുകളുടെ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.†

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുവാനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി പാർസൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ റിക്കാർഡുകൾ പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ ശേഖരിക്കുന്നു.

2. നികുതി വെട്ടിപ്പ് സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചു കഴിഞ്ഞാൽ വില്പന നികുതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നു.

3. ചരക്കുകൾ, വാഹനങ്ങൾ വഴി കടത്തിക്കൊണ്ടുപോകുമ്പോൾ തടഞ്ഞു നിർത്തി പരിശോധിച്ച് രേഖകൾ ഇല്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.

4. റയിൽവേ സ്റ്റേഷൻ, വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നു.

5. നികുതി പിരിവിൽ കുറവനുഭവപ്പെടുന്ന ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുന്നു.

6. ഇന്റലിജൻസ് വിഭാഗവും വാണിജ്യ നികുതി വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരും ചെക്കുപോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തുകയും ചെക്ക്പോസ്റ്റുകളിലെ പ്രവർത്തനം വിലയിരുത്തുകയും കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

7. ചെക്ക് പോസ്റ്റുവഴി കടന്നു വരുന്ന വാഹനങ്ങൾ ഇന്റലിജൻസ് വീണ്ടും പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുന്നു.

8. സംസ്ഥാനത്തുടനീളം വാഹന പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുകയും പുതിയതായി ഇടവഴികൾ പ്രാബല്യത്തിൽ വരുമ്പോൾ അവയെ കുറിച്ച് അന്വേഷിക്കുകയും നികുതി ചോർച്ച തടയാൻ താൽക്കാലിക ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്യുന്നു. ചെക്ക് പോസ്റ്റ് "ഡിക്ളറേഷൻസ്" പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നു.

(ജി) നികുതി വെട്ടിപ്പ് തടയുവാനായി വയനാട് ജില്ലയിൽ 6 പുതിയ ചെക്ക് പോസ്റ്റുകളും കാസർഗോഡ് ജില്ലയിൽ 7 പുതിയ ചെക്ക് പോസ്റ്റുകളും പാലക്കാട് 2 ചെക്ക് പോസ്റ്റുകളും തുടങ്ങി. സ്ഥിരം ചെക്ക് പോസ്റ്റുകൾക്ക് സമാന്തരമായ ഇട റോഡുകളിൽ "ഉപഗ്രഹ ചെക്ക് പോസ്റ്റുകൾ" സ്ഥാപിച്ച് അതുവഴിയുള്ള വാഹനങ്ങളും പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുന്നു. നികുതി വെട്ടിപ്പ് തടയുന്നതിന് ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ സ്കാഡുകളെ മാറ്റി നിയമിച്ചു.

സർക്കാരിന് വില്പന നികുതി ലഭിക്കുന്ന സ്രോതസ്സുകൾ

42 [325] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന് വില്പന നികുതി ഏതൊക്കെ സ്രോതസ്സുകളിൽ നിന്നുമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ സ്രോതസ്സിൽ നിന്നും ഓരോ മാസവും പിരിച്ചെടുക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) മുകളിൽ സൂചിപ്പിച്ച ഓരോ വില്പന നികുതി സ്രോതസ്സിൽ നിന്നും 1996-97 മുതൽ 2002-03 വരെയും 2003-04 സാമ്പത്തിക വർഷത്തിലെ ഡിസംബർ 31 വരെയും സർക്കാരിന് ലഭിച്ച നികുതി എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന് വില്പന നികുതി ലഭിക്കുന്നത് പ്രധാനമായും എണ്ണ കമ്പനികൾ, ബിവറേജസ് കോർപ്പറേഷൻ, മറ്റു വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമാണ്.

LIBRARY ARCHIVES Kerala Legislative Assembly